# കരകൌശലങ്ങൾ നിർദ്ദേശങ്ങൾ

വിശ്വാസ വീരന്മാർ, യൂണിറ്റ്- 3

# തിമിംഗലം





## സാമഗ്രികൾ

- മാതൃക
- മാർക്കർ /പേന
- കത്രിക
- നിറങ്ങൾ



## നിർദ്ദേശങ്ങൾ

1. തിമിംഗലത്തിന്റെ മാതൃകയിലുള്ള കഷണങ്ങൾ മുറിച്ച് അവയ്ക്ക് നിറം കൊടുക്കുക.

2. രണ്ടാം കഷണത്തിന്റെ വാലിന് മുകളിൽ ഒന്നാം കഷണത്തിന്റെ വാൽ പശ ചേർത്ത് ഒട്ടിക്കുക. ഉണങ്ങി കഴിയുമ്പോൾ അടയാളപ്പെടുത്തിയിരിക്കുന്ന രേഖയിൽകൂടി രണ്ടാം കഷണത്തിന്റെ അവസാന ഭാഗം വരെ അതിനെ മുകളിലേക്ക് മടക്കുക.തിമിംഗലത്തിന്റെ മുതുകിനു ഒരു വളഞ്ഞ ആകാരം നല്കുന്നതിന് വേണ്ടി മടക്കിയ രണ്ടാം കഷണത്തിലേക്കു ഒന്നാം കഷണത്തിന്റെ അവസാന ഭാഗം ഒട്ടിച്ചു ചേർക്കുക.

3. മൂന്നാമത്തെ കഷണമാണ് അതിന്റെ വായ. പല്ലുകൾ വരച്ച് തിമിംഗലത്തിന്റെ മുൻഭാഗത്തേക്ക് പശ പുരട്ടുക. വായുടെ മുകൾഭാഗത്ത് കണ്ണുകൾ ഒട്ടിക്കുവാനും അതിൽ കൃഷ്ണമണിയായി ചെറിയ കുത്തുകൾ വരക്കാനും പറയുക.

4. അഞ്ചാം കഷണത്തിലെ എല്ലാ രേഖകളുടെയും ഒരു വശം മുറിച്ചു മാറ്റുക.ആ പേപ്പറിനെ ചുരുളാക്കി തിമിംഗലത്തിന്റെ മുതുകുഭാഗത്ത് ഒട്ടിക്കുക. അങ്ങനെ ചെയ്യുമ്പോൾ തിമിംഗലം മൂക്കിൽകൂടി വെള്ളം ചീറ്റുന്നതായി തോന്നും.

5. ക്രാഫ്റ്റ് പൂർത്തിയാക്കാൻ, വാൽ-ചിറകുകളിൽ കുറച്ചു രേഖകൾ കൂടി വരക്കുക.

# നദിയിൽ നയമാൻ





## സാമഗ്രികൾ

- നീല ഫോമിയോ, വെളുത്ത കടലാസ്
- അല്ലെങ്കിൽ വർണകടലാസ്
- ഐസ്ക്രീം സ്റ്റിക് പോലുള്ള ചെറിയ വടിപ്പിടി
- കുഷ്ഠരോഗത്തോടെയും അല്ലാതെയുമുള്ള നയമാന്റെ ചിത്രം
- നിറങ്ങൾ
- കത്രിക
- പശ

## നിർദ്ദേശങ്ങൾ

1.ഓരോ കുട്ടിയും തരംഗ ആകൃതിയിലുള്ള മൂന്ന് കഷണങ്ങളും നയമാന് കുഷ്ഠം വരുന്നതിനു മുൻപും പിൻപും ഉള്ള രണ്ടു ചിത്രങ്ങളും വരച്ചു വെട്ടിയെടുക്കുക

2.തരംഗ ആകൃതിയിലുള്ള കഷണങ്ങൾ വെളുത്ത കടലാസ്സിൽ ആണെങ്കിൽ അതിനു വെള്ളത്തിന്റെ നിറം പൂശുക. തരംഗ കഷണങ്ങളെ ചിത്രത്തിൽ കാണുന്നതുപോലെ ഒന്നിച്ചു ഒട്ടിച്ചു ചേർക്കുക. ഒരു പേപ്പറിൽ തരംഗങ്ങളുടെ മുകളിൽ മാത്രം പശ ഇടുക, മൂന്നു തരംഗങ്ങളും ഒരുമിച്ച് അടുക്കി വയ്ക്കുന്നതുവരെ അവയെ മറ്റൊരു തരംഗത്തിന്റെ നേരായ അരികിലേക്ക് ഒട്ടിക്കുക. ഉണങ്ങുവാൻ അനുവദിക്കുക.

3. ഉണങ്ങിയാൽ, ഇരുവശവും ചേർത്ത് ഒരു ട്യൂബ് ഉണ്ടാക്കുക.

4. നയമാന്റെ രണ്ടു കഷണങ്ങൾക്കും നിറം കൊടുക്കുക. മുഖം താഴ്ന്നിയിരിക്കുന്ന നയമാന്റെ ഒരു കഷ്ണം മേശപ്പുറത്തുവെച്ചു അതിനെ വടിയുടെ മുകൾ ഭാഗത്തു ഒട്ടിക്കുക. അതിനു ശേഷം രണ്ടാമത്തെ കഷണവും ആദ്യത്തേതിനോട് തുല്യ ഉയരത്തിൽ വടികഷണത്തിന്മേൽ ഒട്ടിച്ചേർക്കുക.

5. ഈ ക്രാഫ്റ്റുമായി കളിക്കുവാൻ തരംഗ രൂപത്തിൽ ഉണ്ടാക്കിയ ട്യൂബിലേക്കു നയമാനെ വെള്ളത്തിന് മുകളിലായി പിടിച്ചു വെക്കുക . ആദ്യം കുഷ്ഠ രോഗിയായി വെള്ളത്തിൽ ഏഴു പ്രാവശ്യം മുക്കുക. അതിനു ശേഷം അവൻ ശുദ്ധനായി!

# സിംഹ അടയാളം

## സാമഗ്രികൾ



- വരച്ചു മുറിക്കുന്നതിനായി വൃത്താകൃതിയിലുള്ളകടലാസ്സ്
- രണ്ടു ചെറിയ കൃത്രിമ കണ്ണുകൾ
- പ്ലാസ്റ്റിക് സ്പൂൺ അല്ലെങ്കിൽ പോപ്സിക്കിൾ സ്റ്റിക്ക്
- മാർക്കർ /പേന
- പശ
- നിറങ്ങൾ

## നിർദ്ദേശങ്ങൾ

1. വൃത്താകൃതിയിലുള്ള കടലാസ്സിൽ നിറം കൊടുത്തതിനു ശേഷം സ്പൂണോ അല്ലെങ്കിൽ സ്റ്റിക്കോ അതിൽ കൂടി കടന്നുപോകത്തക്കവണ്ണം വരച്ചു മുറിക്കുക. മുഖ ചുരുളുകൾ സൃഷ്ടിക്കുന്നതിന് അരികിലെ വരികൾ മുറിക്കുക. സർക്കിളിനുള്ളിലെ എല്ലാ വരികളും മുറിക്കാതിരിക്കാൻ ശ്രദ്ധിക്കുക.

2. കഷണത്തിലെ കീറിയ ഭാഗത്തു കൂടിസ്പൂൺ അല്ലെങ്കിൽ സ്റ്റിക്ക് തിരുകുക.

3. പശചേർത്ത് കണ്ണുകളെ ഒട്ടിക്കുക, മാർക്കർ ഉപയോഗിച്ച് വായും, മൂക്കും വരക്കുക. കൃത്രിമ കണ്ണുകൾ ഉപയോഗിക്കുന്നതിനു പകരം നിങ്ങൾക്ക് മാർക്കർ ഉപയോഗിച്ച് അവയെ വരക്കുകയും ചെയ്യാം.

4. നിങ്ങളുടെ ബുക്ക്മാർക്ക് തയ്യാറാണ്!